മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ : മേശപ്പുറത്തു് ഒരു ലിസ്റ്റും വച്ചിരുന്നു. അതു തന്നെയല്ലേ ഇതിന്റെ ഉത്തരം.

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : മേശപ്പുറത്തു വച്ചിട്ടുള്ളതു്, വിവിധ ഡിപ്പാർട്ടുമെന്റുകളിലേതാണു്. ഈ ചോദ്യത്തിൽ വിവിധ തസ്തികകളിലുള്ളതാണു് ചോദിക്കുന്നതു്. തസ്തിക എന്നു പറയുമ്പോൾ ഹെഡ് എന്നാണു ഞാൻ മനസ്സിലാക്കുന്നതു്. അങ്ങനെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടില്ല.

ലോകസഹായകസേനാ ക്യാമ്പു്.

* 1343. [25] ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകസഹായസേനാക്യാമ്പിനു് സ്ഥലം നിശ്ചയിച്ചതായും; തുടർസ്ഥാനത്തിൽ ;

(ബി) കാഞ്ഞിരംകുളത്തു് നടന്നവരുന്ന എൽ. എസ്. എസ്. ക്യാമ്പിനു് ഹൈസ്കൂൾ ഉപയോഗിക്കാൻ സമ്മതം നൽകിയതു് അവിടത്തെ ഹെഡ്മാസ്റ്ററല്ലേ ;

(സി) 1-4-1959-ൽ ടി ഹൈസ്കൂളിൽ വച്ചു നടത്തപ്പെട്ട എൽ. എസ്. എസ്. ക്യാമ്പിന്റെ ഉൽഘാടനം സംബന്ധിച്ചു നോട്ടീസ്സുകളും മറ്റും ടി ഹെഡ്മാസ്റ്ററുടെ ജ്യേഷ്ഠൻ റിട്ടേർഡ് ജായിസ്സിനോടു് ചോദിക്കാതെ പരസ്യം ചെയ്തു എന്ന കാരണത്താൽ സ്ഥലം ഗ്രാമസേവകൻ ശ്രീ. ജോസഫിനെ ടി റിട്ടേർഡ് ജായിസ്സൻ അടിച്ചു് അവശനാക്കിയ വിവരം സർക്കാർ അറിയാമോ ;

(ഡി) ഈ സംഭവം നിമിത്തം ടി ഉൽഘാടനച്ചടങ്ങുകളും പലതും മുടക്കം വന്നു എന്നു് സർക്കാർ അറിയുന്നുണ്ടോ ;

(ഇ) ടി ഗ്രാമസേവകനെ അടിച്ചു അവശനാക്കിയതു സംബന്ധിച്ചു് നെയ്യാറ്റിൻകര പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു് ഏതു നിലയിലിരിക്കുന്നു ;

(എഫ്) എൽ. എസ്. എസ്. ക്യാമ്പുകൾക്കു സ്ഥലം നൽകുന്ന കാര്യത്തിൽ അതതു് പഞ്ചായത്തുകളുടെ അഭിപ്രായം ആരായുന്നതിനു് വേണ്ട ഏർപ്പാടു ചെയ്യാൻ സർക്കാരിനു് മേലുണ്ടാകുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) അതാതു ഡിസ്ട്രിക്റ്റിലെ കളക്ടറുടെ സൂപ്പർവിഷനനുസരിച്ചു് സംസ്ഥാനസർക്കാർ സ്ഥലം നിശ്ചയിക്കുന്നു. ഇതുസംബന്ധിച്ചു് അവസാന തീരുമാനമെടുക്കുന്നതു് ഓർമിനെഡ്കാർട്ടേഴ്സാണു്.

(ബി) അതേ.

(സി) അതേ. ടി ഗ്രാമസേവകൻ വിവരം റിപ്പോർട്ടു ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉൽഘാടനച്ചടങ്ങുകൾക്കൊന്നും മുടക്കം വന്നിട്ടില്ല.

(ഇ) നെയ്യാറ്റിൻകര പോലീസ് ഇതു സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശരിയായ അന്വേഷണത്തിനു ശേഷം കേസ് ചാർജ്ജ് ഷീറ്റ് ചെയ്തു കഴിഞ്ഞു. കേസ് നെയ്യാറ്റിൻകര ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ വിസ്താരത്തിലിരിക്കയാണ്.

(എഫ്) ഇക്കാര്യം ആലോചിക്കുന്നതാണ്.

നിയമനങ്ങൾ.

* 1344. [26] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്ക് സർവ്വീസ് കമ്മിഷൻ അപേക്ഷകരെ ക്ഷണിക്കുകയും യോഗ്യതയുള്ളവരിൽനിന്നും അപേക്ഷകരെ സ്വീകരിക്കുകയും ചെയ്തതിനു ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അതേ ഒഴിവുകളിൽത്തന്നെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ രണ്ടുമെന്റ് ഇതുപോലെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) അതുപോലെയുള്ള നിയമനങ്ങൾ നടത്തുവാനുള്ള കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

പല ഡിപ്പാർട്ടുമെന്റുകളിൽനിന്നും വിവരം കിട്ടാനുള്ളതിനാൽ മറുപടി പറയാൻ കാലതാമസം ഉണ്ട്. വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

ശ്രീ. കെ. സി. ഏബ്രഹാം : പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷകരെ സ്വീകരിച്ചശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം നടത്തുകയാണെങ്കിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എന്തു കാര്യത്തിനു സംഘടിപ്പിച്ചോ അതു ഉദ്ദേശത്തെത്തന്നെ പരാജയപ്പെടുത്തുകയില്ലേ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അപേക്ഷകരെ സ്വീകരിച്ചു കഴിയുന്നതോടുകൂടി കമ്മീഷന്റെ അധികാരം ഉണ്ടായിക്കഴിയുന്നില്ല. അപേക്ഷകരെ പരിശോധിച്ച് ഇന്റർവ്യൂ നടത്തുന്നതിനു കാലതാമസം വരും. അതിനിടയ്ക്ക് ടെമ്പററിയായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കേണ്ടിവരും. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അധികാരം കിട്ടിയശേഷം അങ്ങനെ ചെയ്താൽ തെറ്റാണെന്നു പറയാം.

ശ്രീ. കെ. ആർ. നാരായണൻ : കമ്മീഷന്റെ അധികാരം കിട്ടിയ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിക്കോ അല്ലാതെയോ നിയമനം നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഇല്ല.

ശ്രീ. കെ. ആർ. നാരായണൻ : ഫീൽഡ് ആഫീസറന്മാരുടെ നിയമനം എല്ലാം പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അധികാരപ്രകാരമാണോ നടത്തിയിട്ടുള്ളത് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly